(ബി) ജൻറം സർവ്വീസുകൾക്കായി RTC Act 1950 Article 17 A പ്രകാരം കെ.എസ്.ആർ.ടി.സി.-യുടെ സബ്സിഡിയറി കോർപ്പറേഷനായി Kerala Urban Road Transport Corporation എന്ന പേരിൽ ഒരു Special Purpose Vehicle രൂപീകരിച്ചിട്ടുണ്ട്.

(സി) ഉദ്ദേശിക്കുന്നില്ല.

(ഡി) പ്രസ്തുത കോർപ്പറേഷന്റെ പ്രവർത്തനത്തിലേയ്ക്കായി കെ.എസ്.ആർ.ടി.സി.-യുടെ ഫണ്ടിൽനിന്നും നിലവിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ആന്റി കറപ്ഷൻ ബ്യൂറോ മാന്വവൽ പരിഷ്കരണം

3 (*303) ശ്രീ. ജി. സുധാകരൻ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴിമതി ആരോപണങ്ങളും കൃത്യവിലോപങ്ങളും അന്വേഷിക്കുന്നത് സംബന്ധിച്ച് ആന്റി കറപ്ഷൻ ബ്യൂറോയുടെ മാന്വൽ കാലാനുസൃതമായി പരിഷ്കരിച്ചിട്ടുണ്ടോ ;

(ബി) സുപ്രീം കോടതി അഞ്ചംഗ ബെഞ്ച് എഫ്.ഐ.ആറിനു മുമ്പുള്ള പ്രാഥമിക അന്വേഷണം സംബന്ധിച്ച് 2013-ൽ പുറപ്പെടുവിച്ച വിധിപ്രസ്താവത്തിന്റെ അടിസ്ഥാനത്തിൽ ഉൾപ്പെടെ മാന്വൽ പരിഷ്കരിച്ചിട്ടുണ്ടോ ;

(സി) ആന്റി കറപ്ഷൻ ബ്യൂറോ, നിലവിൽ അഴിമതി കേസിൽ അന്വേഷണത്തിന് പിന്തുടരുന്നത് ഏതു വിധിയുടെ വെളിച്ചത്തിലുള്ള നടപടിക്രമങ്ങളാണ് ;

(ഡി) ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കെതിരെ ഉന്നയിക്കപ്പെട്ട കോഴ ആരോപണം സംബന്ധിച്ച് വിജിലൻസ് സംഘം അന്വേഷണം നടത്തിയത് ഭരണഘടനാ ബെഞ്ചിന്റെ ഏതു വിധി പ്രസ്താവം അനുസരിച്ചാണ് ;

(ഇ) പ്രസ്തുത വിധിക്കനുസൃതമായി അന്വേഷണം നടത്താൻ വിസമ്മതിക്കുന്ന അന്വേഷണ ഉദ്യോഗസ്ഥർക്കെതിരെ എടുക്കാവുന്ന ശിക്ഷ സംബന്ധിച്ച് വിധി പ്രസ്താവത്തിൽ പരാമർശമുണ്ടോ ; എങ്കിൽ എന്താണ് ;

(എഫ്) സുപ്രീംകോടതി ഭരണഘടനാ ബെഞ്ചിന്റെ പ്രസ്തുത വിധിയുടെ സ്പിരിറ്റിലാണോ, മറിച്ച് ക്വിക് വെരിഫിക്കേഷൻ നടത്താനാണോ മേൽപ്പറഞ്ഞ കേസിൽ ആഭ്യന്തര മന്ത്രി ഉത്തരവ് നൽകിയത്; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) വിജിലൻസ് മാന്വലിലെ വ്യവസ്ഥയും സുപ്രീംകോടതി പ്രസ്താവത്തിലെ വ്യവസ്ഥയും തമ്മിലുള്ള വ്യത്യാസം എന്തായിരുന്നു ?

ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) അഴിമതി ആരോപണങ്ങളും കൃത്യവിലോപങ്ങളും അന്വേഷിക്കുന്നത് സംബന്ധിച്ച് വിജിലൻസ് മാന്വൽ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ "ലളിതകുമാരി Vs സ്റ്റേറ്റ് ഓഫ് യു.പി." എന്ന റിട്ട് ഹർജിയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിനുള്ള നിർദ്ദേശം വിജിലൻസ് ബ്യൂറോയിലെ ഉദ്യോഗസ്ഥൻമാർക്ക് നൽകിയിട്ടുണ്ട്. വ്യക്തമായ ചില മാർഗ്ഗനിർദ്ദേശങ്ങൾ ഇനിയും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൃത്യവിലോപങ്ങളെ സംബന്ധിക്കുന്ന അന്വേഷണങ്ങൾക്ക് നിലവിലുള്ള നിർദ്ദേശങ്ങൾ പര്യാപ്തമാണ്.

(ബി) അഴിമതി കേസുകളിൽ പ്രാഥമിക അന്വേഷണം നടത്തി പൂർത്തിയാക്കുന്നതിന് ബഹുമാനപ്പെട്ട സുപ്രീംകോടതി നിശ്ചയിച്ച സമയപരിധി അനുസരിച്ച് പ്രവർത്തിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി വിധിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് മാന്വൽ പരിഷ്കരിക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) ഇതേവരെ വിജിലൻസ് പിൻതുടർന്നിരുന്നത് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ "സിറാജുദ്ദീൻ Vs സ്റ്റേറ്റ് ഓഫ് മദ്രാസ്" എന്ന വിധിയുടെ അടിസ്ഥാനത്തിലും മറ്റ് ഗവൺമെന്റ് ഉത്തരവുകളുടെ വെളിച്ചത്തിലുമായിരുന്നു. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ "ലളിതകുമാരി Vs സ്റ്റേറ്റ് ഓഫ് യു.പി." എന്ന റിട്ട് ഹർജിയിൽ പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ ആണ് ഇപ്പോൾ അന്വേഷണങ്ങൾ നടത്തുന്നത്.

(ഡി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ "ലളിതകുമാരി Vs സ്റ്റേറ്റ് ഓഫ് യു.പി ആന്റ് അദേഴ്സ്" എന്ന റിട്ട് ഹർജിയിൽ പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കെതിരെ ഉന്നയിച്ച ആരോപണത്തെ സംബന്ധിച്ച അന്വേഷണം നടത്തിയത്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത വിധിയുടെ പാരഗ്രാഫ് 111(iv)-ൽ Action must be taken against erring officers who do not register the FIR if information received by him discloses a cognizable offence. FIR എടുക്കാൻ വിസമ്മതിക്കുന്ന ഉദ്യോഗസ്ഥർ ക്കെതിരെ നടപടി എടുക്കാൻ വിധിയിൽ നിർദ്ദേശമുണ്ട്. വീഴ്ചയുണ്ടാകുന്ന ഓരോ കേസിലും എന്ത് നടപടിയാണ് സ്വീകരിക്കുന്നത് എന്നുള്ളത് പ്രസ്തുത കേസിന്റെ വസ്തുതകളും സ്വഭാവങ്ങളും കണക്കിലെടുത്തായിരിക്കും.

(എഫ്) പ്രസ്തുത കോഴയാരോപണ കേസിൽ ആഭ്യന്തര മന്ത്രി ഒരു തരത്തിലുമുള്ള ഉത്തരവുകളും വിജിലൻസ് ബ്യൂറോയ്ക്ക് നൽകിയിട്ടില്ല. ഈ കേസിൽ സത്വരാന്വേഷണം നടത്താൻ തീരുമാനമെടുത്തതും ഉത്തരവ് നൽകിയതും വിജിലൻസ് ഡയറക്ടർ നേരിട്ടാണ്. ആയത് സുപ്രീംകോടതിയുടെ വിധിക്കനുസൃതമായുമാണ്.

(ജി) വിജിലൻസിൽ നിലവിലുള്ള സർക്കുലർ പ്രകാരം സത്വരാന്വേഷണത്തിന് നിശ്ചയിച്ചിട്ടുള്ള സമയപരിധി 45 ദിവസമാണ്. വിജിലൻസ് നടത്തുന്ന മറ്റ് അന്വേഷണങ്ങൾക്ക് സമയപരിധി നിജപ്പെടുത്തിയിരുന്നില്ല. എന്നാൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ "ലളിതകുമാരി Vs സ്റ്റേറ്റ് ഓഫ് യു.പി ആന്റ് അദേഴ്സ്" എന്ന റിട്ട് ഹർജിയിലുള്ള വിധിയുടെ അടിസ്ഥാനത്തിൽ പരമാവധി സമയം 6 ആഴ്ചയാണ്.

പൊതുഗതാഗതത്തിന് പ്രാധാന്യം നല്കിയുള്ള ഗതാഗത പരിഷ്കാരങ്ങൾ

4 (*304) പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു റോഡുകളിൽ പൊതുഗതാഗതത്തിന് കൂടുതൽ പ്രാധാന്യം നൽകാനും സ്വകാര്യ വാഹനങ്ങളുടെ അനിയന്ത്രിതമായ ഉപയോഗം നിയന്ത്രിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) നിലവിൽ റോഡുകളിൽ ഏറ്റവും പ്രാധാന്യം ബസ് ഉൾപ്പെടെയുള്ള പൊതു വാഹനങ്ങൾക്ക് തന്നെയാണോ ; ഇതു സംബന്ധമായ സമീപനം വിശദമാക്കാമോ;

(സി) ഗതാഗതക്കുരുക്ക് കൂടുതലുള്ള നഗരങ്ങളിൽ പൊതു വാഹനങ്ങൾ കടത്തി വിടുകയും സ്വകാര്യ വാഹനങ്ങളെ നിയന്ത്രിക്കുകയും ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ അതിന് തയ്യാറാകുമോ ;

LIBRARY ARCHIVES Kerala Legislative Assembly